# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4447 22/07/2015-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ ഉല്പാദനം, മാതൃകാ മത്സ്യ കൃഷിയിടങ്ങൾ, നവീന അക്വാകൾച്ചർ**

| ചോദ്യം<br>ശ്രീ. എ. എം. ആരിഫ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വച്ചിരുന്നത്; | (എ) ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ താഴെ പറയും പ്രകാരമാണ് തുക വകയിരുത്തിയിരുന്നത്.<br><br>1. ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ് - 500 ലക്ഷം<br>2. പൊക്കാളി, കയ്പാട് പാടശേഖരങ്ങളിലെ സംയോജിത മത്സ്യ കൃഷി (മത്സ്യ, ചെമ്മീൻ/ നെല്ല്)- 400 ലക്ഷം<br>3. മത്സ്യ സമൃദ്ധി പദ്ധതി - 400 ലക്ഷം<br>4. പടുത കുളത്തിലെ മത്സ്യ കൃഷി - 75 ലക്ഷം<br>5. മത്സ്യ കർഷക വികസന ഏജൻസി മുഖാന്തിരം മത്സ്യ കൃഷി ചെയ്യുന്നതിന് - 800 ലക്ഷം<br>6. പൊതുജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ - 250 ലക്ഷം<br><br>**ആകെ - 2425 ലക്ഷം** |

(ബി) ഇതിൽ എത്ര തുക ഇതിനായി അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ബി) ഇതിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ഭരണാനുമതി ലഭിച്ച തുക | ഫണ്ട് അനുവദിച്ചത് | ഫണ്ട് ചെലവഴിച്ചത് |
|---|---|---|---|---|
| 1 | ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസ് | 500 | 50 | 50 |
| 2 | ഇന്റഗ്രേറ്റഡ് ഫാമിങ് ഓഫ് ഫിഷ് | 400 | 200 | 200 |
| 3 | മത്സ്യ സമൃദ്ധി | 400 | 400 | 400 |
| 4 | പടുത കുളത്തിലെ മത്സ്യ കൃഷി | 75 | 75 | 75 |
| 5 | മത്സ്യ കർഷക വികസന ഏജൻസി | 800 | 800 | 800 |
| 6 | പൊതുജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ | 250 | 130 | 130 |
| ***ആകെ*** | | ***2425*** | ***1655*** | ***1655*** |

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതികൾ ഏതെല്ലാം; ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാം ?

(സി) ആലപ്പുഴ, എറണാകുളം, ജില്ലകളിലെ പൊക്കാളി നിലങ്ങളിലും തൃശ്ശൂരും കണ്ണൂരും ചെമ്മീൻ/മത്സ്യ കൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൂതന മത്സ്യ കൃഷി സമ്പ്രദായങ്ങൾ മത്സ്യ കർഷകരിൽ എത്തിക്കുന്നതിനും ഓരുജല മത്സ്യങ്ങളുടെ ബഹുകൃഷി രീതി, കടൽ മത്സ്യങ്ങളുടെ കൂടുകളിലുള്ള കൃഷി, വനാമി ചെമ്മീന്റെ സൗഹൃദ കൃഷി രീതി എന്നിവയാണ് പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ. മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ ശുദ്ധജല മത്സ്യ കൃഷി, പാടശേഖരങ്ങളിലെ മത്സ്യ/ചെമ്മീൻ കൃഷി, പൊക്കാളി, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി, ഞണ്ട് കൃഷി, കരിമീൻ കൃഷി, അടുക്കള കുളങ്ങൾ, കൂട്/പെൻ കൃഷി ലൈവ് സ്റ്റോക്ക് ഫിഷ് ഫാമുകൾ, ഡെമോൺസ്ട്രേഷൻ ഫാമുകൾ, പടുതകുളത്തിലെ മത്സ്യ കൃഷി, പൊതുജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ മുതലായവ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ആഫീസർ**